*29-06-2026*
*Adjournment motion*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

'സ്ത്രീ സുരക്ഷാ പദ്ധതി' മുടങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളിലെ മറ്റ് വരുമാനമില്ലാത്ത സ്ത്രീകൾക്കായി മുൻ സർക്കാർ നടപ്പാക്കിയ 'സ്ത്രീ സുരക്ഷാ പദ്ധതി' പ്രകാരമുള്ള പ്രതിമാസ ധനസഹായം കഴിഞ്ഞ മൂന്നുമാസമായി മുടങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ എ. സി. മൊയ്തീൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം ബജറ്റിന്റെ ചർച്ചയിൽ പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കുകയും ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് ഞാൻ മറുപടി പറയുകയും ചെയ്തതാണ്. നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, 2026 ഫെബ്രുവരി 11-ാം തീയതിയാണ് ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യഘട്ട സഹായവിതരണവും നടത്തിയത്. അതായത്, നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന മാർച്ച് 16-ാം തീയതിക്ക് ഒരു മാസം മുമ്പാണ് ഇത് ചെയ്തത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ധനസഹായം അനുവദിച്ചതും മാർച്ച് 16-ാം തീയതിയാണ്. യഥാർത്ഥത്തിൽ അന്നാണ് തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നത്. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പ്രഖ്യാപിച്ച, ഒരു തയ്യാറെടുപ്പും കൂടാതെ നടത്തിയൊരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ഫീൽഡ് ലെവൽ പരിശോധന നടന്നിട്ടില്ലെന്നുള്ള ആരോപണമുണ്ടായിട്ടുണ്ട്. കാരണം, ഈ പദ്ധതിയുടെ ലക്ഷ്യമായി ആദ്യം പറഞ്ഞത് 31.34 ലക്ഷം ഗുണഭോക്താക്കളെയാണ്. പിന്നീടത് 16.4 ലക്ഷമായി നിജപ്പെടുത്തി. കൃത്യമായി പരിശോധിക്കാതെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതിയെക്കുറിച്ച് വ്യാപകമായ പരാതികളുണ്ട്. അത് പരിശോധിക്കാതെ ഈ പദ്ധതി തുടരുമോ ഇല്ലയോയെന്ന് തീരുമാനിക്കാൻ സാധിക്കില്ല. ഈ ഗവൺമെന്റ് ടി പദ്ധതിക്കുവേണ്ടി 1770 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മുൻ ഗവൺമെന്റ് കൊണ്ടുവന്ന ഈ പദ്ധതി വേണ്ടായെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടില്ല. പക്ഷെ, എങ്ങനെയാണ് ഈ പദ്ധതി; എങ്ങനെയാണ് ഇതിന്റെ ഗുണഭോക്താക്കളെ തിരഞ്ഞടുത്തത് എന്നെല്ലാം പരിശോധിക്കും..

ഒരു പഞ്ചായത്തിന്റെ അല്ലെങ്കിൽ കോർപ്പറേഷന്റെ സെക്രട്ടറി എല്ലാ ആപ്ലിക്കേഷനും കൂടി വളരെ കുറഞ്ഞ ദിവസത്തിനുള്ളിൽ പരിശോധിച്ച്, ഗുണഭോക്താക്കൾ മറ്റ് പെൻഷനോ ആനുകൂല്യങ്ങളോ വാങ്ങിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചുള്ള കൃത്യമായ പരിശോധനപോലും നടത്താതെ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടപ്പാക്കിയ ഒരു പദ്ധതിയാണിത്. ഈ വിഷയത്തിൽ നേരത്തെ മറുപടി പറഞ്ഞിട്ടുണ്ട്. ഇതുതന്നെയാണ് ഇപ്പോഴും ഇതിനുള്ള മറുപടി. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു ആവശ്യവുമില്ല.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നമ്മുടെ രാജ്യത്തെ ഒരു സംസ്ഥാനത്തും വീട്ടമ്മമാർക്ക് അവരുടെ ഗാർഹികജോലികളുടെ മൂല്യം കണക്കിലെടുത്ത് സാമൂഹ്യസുരക്ഷ നൽകുന്ന ഒരു പദ്ധതിയും നിലവിലില്ല. പല മാതൃകാപരമായ നിയമങ്ങളും നടപടികളും സ്വീകരിച്ച സഭയാണ് കേരള നിയമ സഭ. ആ അർഥത്തിലുള്ള ആദ്യ ചുവടുവയ്പ്പാണ് 'സ്ത്രീ സുരക്ഷാ പദ്ധതി' . 2025 ഒക്ടോബറിലാണ് ഈ പദ്ധതിയുടെ നടപടിക്രമം തുടങ്ങിയത്. ഈ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാനും പരിശോധിക്കാനുമുള്ള സമയമുണ്ടായിരുന്നു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപനാടിസ്ഥാനത്തിൽ പരിശോധിച്ച് വിലയിരുത്തിയാണ് അപേക്ഷകരിൽനിന്ന് ഗുണഭോക്താക്കളെ തീരുമാനിച്ചത്. പരിശോധനയില്ലാതെയല്ല, കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ചേർന്ന സമിതി തിരഞ്ഞെടുത്ത ഒരു കാര്യത്തിൽ സംശയമുണ്ട് എന്നുപറയുന്നത് ആരെ സഹായിക്കാനാണെന്ന് വ്യക്തമാക്കണം. പാവപ്പെട്ട സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തെ ഒരു പ്രധാന ചുവടുവയ്പ്പാണ്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്നതിന് മാനദണ്ഡങ്ങളുണ്ട്. മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളിൽ ഗുണഭോക്താക്കളല്ലാത്തവരും അന്ത്യോദയ അന്നയോജന പദ്ധതി (AAY)-യിൽ ഉൾപ്പെട്ടവരും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ളവരും ട്രാൻസ് വുമണും ഉൾപ്പെടുന്ന സ്ത്രീകളാണ് സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ. അതിന് കൃത്യമായ

രേഖയുള്ളതാണ്. മറ്റേതെങ്കിലും ഇനത്തിൽ ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയാണെങ്കിൽ അവർക്ക് ഈ പദ്ധതിപ്രകാരമുള്ള സഹായം നൽകില്ലെന്ന വ്യവസ്ഥയുണ്ട്. 35 വയസ്സുമുതൽ 60 വയസ്സുവരെയുള്ള സ്ത്രീകൾക്ക് എല്ലാ മാസവും 1000 രൂപ സാമ്പത്തിക സഹായം ഉറപ്പാക്കുന്ന, സ്ത്രീ സുരക്ഷയുടെയും ശക്തീകരണത്തിന്റെയും വിപ്ലവകരമായ ഒരു പദ്ധതിയായിരുന്നു നടപ്പിലാക്കിയിരുന്നത്. ഏകദേശം 31 ലക്ഷത്തിലധികം ആളുകൾ ഇതിന്റെ ഗുണഭോക്താക്കളായി ഉണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്. അതിനായി മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ 3720 കോടി രൂപ വകയിരുത്തിയിരുന്നു. വീട്ടുജോലികളിൽ, വീടുകങ്ങളിൽ തളയ്ക്കപ്പെട്ട സ്ത്രീകളുടെ ഗാർഹിക ജോലികളുടെ മൂല്യം അംഗീകരിക്കുകയെന്ന സമീപനമാണ് സ്ത്രീ സൗഹൃദ നിലപാട് സ്വീകരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അന്ന് ചെയ്തത്. അവരുടെ അധ്വാനമാണ് രാജ്യത്തിന്റെ പുരോഗതിയെന്ന് ബഹു. സുപ്രീം കോടതിപോലും കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ബഹു. സുപ്രീം കോടതി ജസ്റ്റിസുമാരായ ജസ്റ്റിസ് സഞ്ജയ് കരോൾ, ജസ്റ്റിസ് എൻ. കെ. സിങ് എന്നിവരുടെ വിധിന്യായത്തിൽ പറയുന്നത്, ഗൃഹജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വീട്ടമ്മമാർ രാഷ്ട്രശില്പികളാണെന്നും അവരുടെ അധ്വാനം രാജ്യപുരോഗതിയുടെ ആധാരമാണെന്നുമാണ്. ഇക്കഴിഞ്ഞ ജൂൺ 11-ാം തീയതിയാണ് അങ്ങനെയൊരു നിരീക്ഷണം അവർ നടത്തിയത്. അത്തരമൊരു സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട്, എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിരുന്ന ഒരു കാര്യം നാടിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയതിനെ എന്തിനാണ് സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നത്? കഴിഞ്ഞ മാർച്ച് മാസം വരെ ഈ പദ്ധതിപ്രകാരം അപേക്ഷിച്ചവരുടെ പരിശോധന പൂർത്തിയാക്കി അർഹരായ വീട്ടമ്മമാർക്ക് ആനുകൂല്യം നൽകുകയുണ്ടായി. തുടക്കത്തിൽ 16 ലക്ഷംപേരാണ് അപേക്ഷിച്ചത്. അവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ പണം മുടക്കംകൂടാതെ നൽകുകയുണ്ടായി. ഇപ്പോൾ 5 ലക്ഷത്തോളം അപേക്ഷകളിന്മേൽ പരിശോധന പൂർത്തിയായിരിക്കുകയാണ്. പഞ്ചായത്തുകളുടെ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അപേക്ഷകൾ

പരിശോധിച്ചിട്ടുള്ളത്. എന്നാലിപ്പോൾ ഈ ധനസഹായം തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ബഹു. മുഖ്യമന്ത്രി ഇവിടെ ഇപ്പോൾ മറുപടി പറയുകയുണ്ടായി. കഴിഞ്ഞ 22-ാം തീയതി ശ്രീമതി ഒ. എസ്. അംബിക ചോദിച്ച ചോദ്യത്തിന് നൽകിയ 'ഇത് പരിശോധിക്കണം' എന്ന മറുപടി തന്നെയാണ് അദ്ദേഹം ഇപ്പോഴും നൽകിയിട്ടുള്ളത്. പരിശോധിക്കുന്നതിന് അസാമാന്യമായ വേഗതയുള്ള ഒരാളല്ലേ അദ്ദേഹം; ധവളപത്രം പുറപ്പെടുവിച്ചപ്പോൾ ഇത് പരിശോധിച്ചിട്ടുണ്ടാകുമല്ലോ; ഇതിൽ അന്യായം നടന്നിട്ടുണ്ടോയെന്നും മറ്റ് കാര്യങ്ങൾ നടന്നിട്ടുണ്ടോയെന്നും പരിശോധിക്കാനുള്ള അവകാശമുണ്ടല്ലോ; ചിലകാര്യങ്ങളിൽ അതിവേഗത്തിൽ തീരുമാനമെടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഈ ഗവൺമെന്റിനും ഈ കാര്യത്തിൽ മാത്രം എന്താണ് ഇത്രയും കാലതാമസം? ഒരു തീരുമാനവുമെടുക്കാതെ ധനവകുപ്പ് ഇത് തടഞ്ഞുവച്ചിരിക്കുകയാണ്. 16 ലക്ഷം സ്ത്രീകളോടാണ് ഈ ക്രൂരത കാണിച്ചിട്ടുള്ളത്. സാധാരണഗതിയിൽ യു.ഡി.എഫ്.-ന്റെ അഭിപ്രായം ഇങ്ങനെയാണോ? സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ കാര്യത്തിൽ 'പ്രത്യുൽപാദനപരമല്ല' എന്ന സമീപനം യു.ഡി.എഫ്. മുമ്പ് സ്വീകരിച്ചിട്ടുള്ള കാര്യം നമുക്കറിയാം. കേരളത്തിന്റെ ഭരണചരിത്രം പരിശോധിച്ചാൽ, 45 രൂപയിൽ തുടങ്ങിയ ആ പെൻഷൻ വർധിപ്പിച്ചത് ആരാണെന്ന് അറിയാൻ കഴിയും 100 രൂപയാണ് ഏറ്റവും അവസാനം ഉമ്മൻ ചാണ്ടി സർക്കാർ വർധിപ്പിച്ചത്. അതുകൊണ്ടാണ് ഞങ്ങൾ ഈ സഭയിൽ അക്കാലത്തുണ്ടായിരുന്ന കുടിശ്ശികയെക്കുറിച്ച് ഉന്നയിച്ചത്. കുടിശ്ശികയുടെ കാര്യം പറഞ്ഞപ്പോൾ മുഖ്യമന്ത്രി അതുസംബന്ധിച്ച് ഒരു വിശദീകരണം നടത്തുകയുണ്ടായി. ഞങ്ങൾ കടം വാങ്ങിയാണ് കൊടുത്തത് എന്നാണ് വിശദീകരണത്തിൽ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അങ്ങ് വിഷയത്തിൽനിന്ന് സംസാരിക്കൂ.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വളരെകുറച്ച് സമയം മാത്രമേ ഞാൻ എടുത്തിട്ടുള്ളൂ.

<u>മി. സ്പീക്കർ</u>: വിഷയത്തിൽനിന്ന് പറഞ്ഞാൽ കൂടുതൽ കാര്യങ്ങൾ പറയാം. വിഷയത്തിൽനിന്നും വ്യതിചലിച്ചാൽ കുറച്ചുമാത്രമേ പറയാൻ സാധിക്കൂ.

*29-06-2026*
*Adjournment motion*

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഈ വിഷയത്തിന് സപ്പോർട്ടിങ്ങായ ഒരു കാര്യമാണ് ഞാൻ പറയുന്നത്. എൽ.ഡി.എഫ്. സർക്കാർ കടമെടുത്താണ് കൊടുത്തതെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു, കേന്ദ്രസർക്കാരിന്റെ നിയമത്തിന്/പരിധിക്കപ്പുറത്ത് കടമെടുക്കാൻ ഒരു സംസ്ഥാന സർക്കാരിന് കഴിയുമോ? അത് ഈ സർക്കാരിന്റെ ബാധ്യതയല്ല എന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ബാധ്യതകൾ കൊടുത്തുതീർത്തത് പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാരല്ലേ; തുടർന്നുവരുന്ന ഗവൺമെന്റിന് ഭരണഘടനാപരമായി അങ്ങനെയൊരു ബാധ്യതയില്ലേ? ഈ കാര്യത്തിൽ മുഖ്യമന്ത്രി സ്വീകരിക്കുന്ന ഇരട്ടത്താപ്പ് നയം ശരിയല്ല. ഈ പദ്ധതിയെ തകർക്കാൻ ശ്രമിക്കുകയാണ്. ഈ പദ്ധതിക്കായി ആയിരത്തിൽപ്പരം കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് ഇപ്പോൾ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പക്ഷെ അതിന്മേൽ ഒരു തീരുമാനവുമെടുത്തിട്ടില്ല, തീരുമാനമെടുക്കുമോയെന്ന് ആലോചിക്കും എന്നെല്ലാമാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. പരീക്ഷകൾക്കായി തയ്യാറെടുക്കുന്നതിന് വിദ്യാർത്ഥികൾക്കായി 'കണക്ട് ടു വർക്ക്' എന്ന പദ്ധതി നടപ്പാക്കിയ സംസ്ഥാനമാണിത്. അതിന്റെ ഭാവിയെന്താകും? മറ്റെല്ലാ കാര്യത്തിലും വിഷനുള്ള ഒരു ബജറ്റ് അവതരിപ്പിച്ചവരല്ലേ; ആ വിഷനിൽ ഈ പാവപ്പെട്ട കുട്ടികൾക്കുള്ള സഹായം ഉൾപ്പെടില്ലേ? ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് ഗൗരവമായി പരിശോധിക്കണം. യു.ഡി.എഫ്. നയത്തിന്റെ ഭാഗമായി 16 ലക്ഷത്തിൽപ്പരം വീട്ടമ്മമാർക്ക് വന്നുപെട്ടിട്ടുള്ള ഈ ദുര്യോഗം അവസാനിപ്പിക്കാൻ എന്ത് സമീപനമാണ് സ്വീകരിക്കുക എന്നുള്ളതിന്റെ മറുപടി, 'ഇതിനോട് ഞങ്ങൾക്ക് യോജിപ്പില്ല, പണം വച്ചിട്ടുണ്ട് എന്നാലും പരിശോധിക്കണം' എന്നാണ്. അന്യായം നടന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് ഞങ്ങൾ എതിരല്ല, തെറ്റായ എന്തെങ്കിലും കാര്യമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനുപകരം ഈ പാവപ്പെട്ടവർക്ക് ലഭിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും നിർത്തണോ? അങ്ങനെയാണെങ്കിൽ സാമൂഹ്യ ക്ഷേമപെൻഷനിൽ ആക്ഷേപമില്ലേ; ആ പദ്ധതിയാകെ നിർത്തിവച്ചിട്ടാണോ അതിനെക്കുറിച്ചുള്ള പരിശോധനകൾ നടത്തുന്നത്? സാധാരണഗതിയിൽ പദ്ധതിയുടെ തുടർനടപടികളിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടെങ്കിൽ അവ പരിശോധിക്കുകയാണ്

വേണ്ടത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനം തുടക്കംമുതൽ നിഷേധാത്മകമാണ്. അത് സർക്കാരിന്റെ നയമായി സ്ത്രീകൾ കാണുകയാണ്. സ്ത്രീ സുരക്ഷാ പദ്ധതിയിൽ പുതിയ അപേക്ഷ നൽകിയവർ ഇപ്പോൾ സഹായം ലഭിക്കുമെന്ന് കരുതി കാത്തിരിക്കുകയാണ്. ഇതുസംബന്ധിച്ച പരിശോധന എന്നത്തേയ്ക്ക് അവസാനിക്കും? ടി പദ്ധതിയുടെ കുടിശ്ശിക തുക നൽകുന്നതിന് സർക്കാർ നിലപാട് സ്വീകരിക്കുമോയെന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ഇല്ല' എന്ന് വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ഇത് കേരളത്തിലെ സ്ത്രീ സമൂഹത്തോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ വെല്ലുവിളിയാണ്, നിഷേധാത്മക സമീപനമാണ്. പതിനാറ് ലക്ഷം വീട്ടമ്മമാരുടെ കണ്ണീരുകാണാൻ ഈ ഗവൺമെന്റ് ഇത്രയധികം ആഗ്രഹിക്കുന്നുവെന്നത് അതിശയകരമാണ്. ജനക്ഷേമ പദ്ധതികളെ തകർത്ത് സ്വകാര്യവൽക്കരണത്തിലേയ്ക്ക് പോകുന്ന യു.ഡി.എഫ്. സർക്കാർ, നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ താൽപര്യം ബലികഴിക്കുന്ന നിലപാടുകളുൾപ്പെടെ സ്വീകരിക്കുന്നതിനാലാണ് ഈ വിഷയത്തിൽ പ്രതികരിക്കേണ്ടി വരുന്നത്. മുപ്പത് ലക്ഷത്തോളം വരുന്ന കേരളത്തിലെ സ്ത്രീ സമൂഹത്തെ ബാധിക്കുന്ന ഗൗരവതരമായ ഈ വിഷയം അടിയന്തര പ്രാധാന്യമുള്ളതും സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതുമാണ്. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പത്തുവർഷം അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ന്യൂറ്റിഇരുപതാമത്തെ മാസം പ്രഖ്യാപിച്ച ഒരു പദ്ധതിയാണിത്. ടി പദ്ധതി അവരുടെ പ്രകടന പത്രികയിലുണ്ടെന്നാണ് പറയുന്നത്. പ്രകടന പത്രികയിലുള്ള കാര്യം ഭരണം തുടങ്ങുമ്പോഴാണോ അതോ പോകുന്ന പോക്കിലാണോ നടപ്പാക്കുന്നത്? 2,500/- രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുമെന്ന് പറഞ്ഞാണ് വോട്ടുനേടി നിങ്ങൾ അധികാരത്തിൽ വന്നത്. എന്നിട്ട് നാലേമുക്കാൽ വർഷക്കാലം ഒരു രൂപ പോലും കൂട്ടി നൽകിയില്ല. പഞ്ചായത്ത് ഇലക്ഷന്റെ തൊട്ടുമുമ്പാണ് 400/- രൂപ കൂടി വർധിപ്പിച്ച് ക്ഷേമ പെൻഷൻ 2000/- രൂപയാക്കിയത്. അങ്ങനെയാണോ പ്രകടന പത്രിക നടപ്പാക്കുന്നത്? ഇവിടെ പ്രകടന പത്രികയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ഞാൻ

പറയുന്നത്. അല്ലെങ്കിൽ ഞാൻ അതൊന്നും പറയുമായിരുന്നില്ല. ഞങ്ങൾ അധികാരത്തിൽ വന്ന് ആദ്യ ക്യാബിനറ്റിൽത്തന്നെ ഞങ്ങളുടെ പ്രകടന പത്രികയിൽ പറഞ്ഞ സ്ത്രീകൾക്കുള്ള സൗജന്യ യാത്രാ പദ്ധതിയിൽ തീരുമാനമെടുത്ത് ഒരു മാസത്തിനുള്ളിൽ നടപ്പാക്കി. ഞങ്ങൾ ഇവിടെ സ്ത്രീകളോട് ....(ബഹളം)... ശരിയല്ലിത്..... ഞാൻ പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഭരണപക്ഷത്ത് നിങ്ങൾ 99 അംഗങ്ങൾ ഇരിക്കുമ്പോഴും എനിക്ക് പറയാനുള്ളത് പറഞ്ഞിട്ടാണ് പോയിരുന്നത്. ഇപ്പോൾ ഞാൻ വന്നിരിക്കുന്നത് ഒറ്റയ്ക്കല്ല, 101 അംഗങ്ങൾ ചേർന്നിട്ടാണ്. നിങ്ങൾ ബഹളമുണ്ടാക്കിയാലും ഞാൻ പിൻമാറില്ല. നിങ്ങൾക്ക് ഇപ്പോൾ സ്ത്രീകളോട് വലിയ സ്നേഹമാണ്. ആശാവർക്കർമാർ എത്ര മാസക്കാലം തെരുവിൽ സമരം ചെയ്തു; ആ സ്ത്രീകൾ തലമുണ്ഡനം ചെയ്തില്ലേ; നിങ്ങൾ അവരെ സഹായിച്ചില്ലെന്ന് മാത്രമല്ല, നിങ്ങൾ അവരെ കളിയാക്കി, പരിഹസിച്ചു, പാട്ടപെറുക്കികളെന്ന് പറഞ്ഞു; എന്തെല്ലാം മോശമായ വാക്കുകൾ ഉപയോഗിച്ചു. എന്നാൽ ഞങ്ങൾ എന്താണ് ചെയ്തത്? ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽതന്നെ ആശാവർക്കർക്ക് 3000/- രൂപ വർധിപ്പിച്ച് നൽകി. അതുമാത്രമല്ല, അങ്കണവാടി തൊഴിലാളികൾ, പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ എന്നിങ്ങനെ എല്ലാവർക്കും ആദ്യത്തെ ക്യാബിനറ്റിൽ തുക വർധിപ്പിച്ചു നൽകി. ഞങ്ങളാണ് സ്ത്രീപക്ഷം, നിങ്ങളായിരുന്നില്ല. നിങ്ങൾ സ്ത്രീവിരുദ്ധപക്ഷ നിലപാടാണെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സ്ത്രീപക്ഷത്തെക്കുറിച്ച് ഓർമ്മിപ്പിച്ചതുകൊണ്ട് മാത്രമാണ് ഞാൻ മറുപടി പറഞ്ഞത്. നിങ്ങൾ പോകുന്ന പോക്കിൽ ഈ പെൻഷൻ കൊടുത്തതുപോലെതന്നെ..., പേ കമ്മിഷൻ സംബന്ധിച്ച് പറഞ്ഞു. സാമ്പത്തിക ബാധ്യതകളെക്കുറിച്ചും വൈറ്റ് പേപ്പറിനെക്കുറിച്ചും അദ്ദേഹം ഇവിടെ പറഞ്ഞു. എല്ലാ സർക്കാരുകളും അതത് സമയത്ത് പേ കമ്മീഷൻ പ്രഖ്യാപിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി പേ കമ്മീഷൻ ശിപാർശകൾ ഇംപ്ലിമെന്റ് ചെയ്യും. നിങ്ങൾ പോകുന്ന പോക്കിൽ പേ കമ്മീഷൻ പ്രഖ്യാപിച്ചു. അതിന്റെ കാലാവധി ഈ സർക്കാരിന്റെ കാലത്ത് അവസാനിക്കും. നിങ്ങൾ കൊടുത്തോ; നിങ്ങൾ ഡി.എ.-യും ഡി.ആർ.-ഉം എത്രയോ വർഷക്കാലം തടഞ്ഞുവച്ചു. മാത്രമല്ല, ലീവ്സറണ്ടറും തടഞ്ഞുവച്ചു. എന്നിട്ട് പോകുന്ന പോക്കിൽ അത് കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. അത് കൊടുക്കേണ്ടത്

ആരാണ്? നിങ്ങൾ ചെയ്യാതിരുന്ന മുഴുവൻ കാര്യങ്ങളും ചെയ്യേണ്ടത് ഞങ്ങളാണ്. സാമൂഹ്യ സുരക്ഷാപെൻഷൻ നിങ്ങൾ കൊടുത്തു. പക്ഷെ, പെൻഷൻ ഫണ്ടിനായി 17000 കോടി രൂപ നിങ്ങൾ കടമെടുത്തിരിക്കുകയാണ്. നിങ്ങൾ കൊടുത്ത പതിനാറ് മാസത്തെ പെൻഷന്റെ ബാധ്യത ഈ സർക്കാരിന്റെ തലയിലാണ്. ഞങ്ങളത് കൊടുത്തു തീർക്കണം (.....ബഹളം.....) അങ്ങനെയല്ല..., 2016-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽനിന്നും ഇറങ്ങിയപ്പോൾ മൂന്ന് മാസത്തെ പെൻഷന്റെ കുറവാണുണ്ടായിരുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്തെ വൈറ്റ് പേപ്പർ എന്റെ കൈവശമുണ്ട്. ഈ പദ്ധതി കൃത്യമായല്ല നടപ്പാക്കിയിരിക്കുന്നത്. ധൃതിപിടിച്ച് തിരഞ്ഞെടുപ്പുകാലത്ത് തട്ടിക്കൂട്ടിയ ഒരു പദ്ധതിയാണിത്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വന്നതിന്റെ അന്നുതന്നെയാണ് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ നിങ്ങൾ പോകുന്ന പോക്കിന് കൊടുത്തത്. പിന്നെ പറയുന്നത് ഗുണഭോക്താക്കളെ ഏതോ സമിതി തിരഞ്ഞെടുത്തുവെന്നാണ്. ഞങ്ങളൊക്കെ എം.എൽ.എ.-മാർ ആയിരുന്ന വ്യക്തികളാണ്. ഒരു സമിതിയുമുണ്ടായിരുന്നില്ല. തോന്നിയവർക്ക് നിങ്ങൾ കൊടുത്തതാണ്. ഞങ്ങളാരും അറിഞ്ഞിട്ടില്ല. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ ഏത് പഞ്ചായത്തിൽ ഏത് സമിതിയാണ് നിലവിലുണ്ടായിരുന്നത്; ഒരു സമിതിയുമുണ്ടായിരുന്നില്ല. അന്ന് വേണ്ടപ്പെട്ടവർക്കെല്ലാം നിങ്ങളുടെ ലോക്കൽ കമ്മിറ്റിയും ഏരിയ കമ്മിറ്റിയുംകൂടി നൽകിയതാണ് ...(ബഹളം)..... അതൊന്നും പരിശോധിക്കാതെ കൊടുക്കുന്ന പ്രശ്നമുദിക്കുന്നില്ല. വളരെ വ്യക്തമായിത്തന്നെ പറയുകയാണ്. പരിശോധിച്ച് അതിന്റെ കൃത്യത ഉറപ്പാക്കിയിട്ടേ ഞങ്ങളത് ചെയ്യുകയുള്ളൂ. ഒരു പഞ്ചായത്ത് സെക്രട്ടറിക്കും കോർപ്പറേഷൻ സെക്രട്ടറിക്കും മുനിസിപ്പൽ സെക്രട്ടറിക്കും ഈ പദ്ധതിയുടെ ഭാഗമായി വരുന്ന ആപ്ലിക്കേഷൻ മുഴുവൻ എങ്ങനെയാണ് പരിശോധിക്കാൻ സാധിക്കുന്നത്; ഏത് ഡാറ്റയുമായാണ് താരതമ്യം ചെയ്യാൻ കഴിയുന്നത്? ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ നടപടിക്രമങ്ങളും നടത്താതെ, തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കേരളത്തിലെ സ്ത്രീകളെ കബളിപ്പിക്കാൻവേണ്ടി നടപ്പാക്കിയതാണ് ടി പദ്ധതി. 120 മാസം ഭരിച്ചിട്ട് സ്ത്രീകളോട് സ്നേഹം വന്നത് അവസാന സമയത്താണ്, ഇലക്ഷൻ വന്നപ്പോഴാണ്. അതിന്റെ കാരണമെന്താണ്? തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി

*29-06-2026*
*Adjournment motion*

കിട്ടിയതിനുശേഷമാണ് ഈ ധനസഹായം കൊടുക്കാൻ തീരുമാനിച്ചത്. അതായത്, ഇക്കഴിഞ്ഞ മാർച്ച് 16-ാം തീയതിയാണ് കൊടുത്തത്. അതിനാൽ ഇതുസംബന്ധിച്ച് പരിശോധിച്ചതിനുശേഷം മാത്രമേ തുടർന്ന് നൽകുകയുള്ളൂ. അതുകൊണ്ട് ഈ ഉപക്ഷേപം ഒരു കാരണവശാലും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്റെ അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, അതീവ നിർഭാഗ്യകരമായ സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള നിലപാട് അദ്ദേഹം ആവർത്തിക്കുന്നതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഈ ഉപക്ഷേപം സഭയിൽ കൊണ്ടുവരാനിടയായത്. 'സ്ത്രീ സുരക്ഷാ പെൻഷൻ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയുടെ ഭാഗമായുള്ളതല്ല' എന്നാണ് ഇക്കഴിഞ്ഞ ജൂൺ 22-ന് ശ്രീമതി ഒ. എസ്. അംബികയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിലെ ആദ്യ വാചകം. സാമൂഹ്യക്ഷേമ പെൻഷന്റെ ഭാഗമായി ഉൾപ്പെടുന്ന ഒന്നായിത്തന്നെയാണ് ഇതിനെയും കാണേണ്ടത്. പുതുതായി നടപ്പാക്കപ്പെട്ട പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഏത് പദ്ധതിയും നടപ്പാക്കിയശേഷമാണല്ലോ അപേക്ഷയും മറ്റും സ്വീകരിക്കുന്നത്. 30 വയസ്സിനും 60 വയസ്സിനുമിടയിൽ പ്രായമുള്ള എ.എ.വൈ. (മഞ്ഞ) അല്ലെങ്കിൽ പി.എച്ച്.എച്ച് (പിങ്ക്) റേഷൻ കാർഡ് വിഭാഗത്തിലുൾപ്പെടുന്ന മറ്റു പെൻഷനുകളോ, സർക്കാർ/സമാന സ്ഥാപനങ്ങളിൽനിന്നുള്ള സ്ഥിരവരുമാനമോ ലഭിക്കാത്ത അർഹരായ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമാണ് അപേക്ഷിക്കാൻ അവസരമുണ്ടായിരിക്കുന്നത്. എന്നാൽ അപേക്ഷകരുടെ അർഹത സംബന്ധിച്ച് പരിശോധനയേ നടന്നില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാപിക്കാൻ നോക്കുന്നത്. കെ-സ്മാർട്ട് മുഖേനയുള്ള നടപടിക്രമങ്ങൾ അദ്ദേഹത്തിന് അറിയാത്തതല്ല. കെ-സ്മാർട്ട് പ്ലാറ്റ്ഫോം, ആധാർ, പൊതുവിതരണ സംവിധാനം, മരണ രജിസ്ട്രി, സർവീസ് പെൻഷൻ

പരിശോധനയ്ക്കുള്ള സ്പാർക്ക്, ക്ഷേമ പെൻഷൻ പരിശോധനയ്ക്കുള്ള സേവന പെൻഷൻ, ട്രഷറി സർവീസ് തുടങ്ങിയ വിവിധ സർക്കാർ ഡാറ്റാ ബേസുകളുമായും സേവനങ്ങളുമായും സംയോജിപ്പിച്ചിരിക്കുന്ന റൂൾ എഞ്ചിൻ ഉപയോഗിച്ചാണ് അപേക്ഷകരുടെ അർഹത പരിശോധിക്കുന്നതും അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതും. അർഹരായ അപേക്ഷകർക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങളും ആവശ്യമായ അനുബന്ധരേഖകളും പോർട്ടൽ മുഖേന സമർപ്പിക്കാനും അവസരമുണ്ടായിരുന്നു. അപേക്ഷിക്കുന്നയാൾ ആധാർ കാർഡ് നൽകുമ്പോൾ സർക്കാരിന്റെ മറ്റ് പെൻഷൻ പദ്ധതികളിൽ അംഗമാണോ; ബോർഡ് പെൻഷനുകളിൽ ഭാഗമാണോ; ക്ഷേമ പെൻഷനുണ്ടോ എന്നെല്ലാം പരിശോധിക്കപ്പെടുന്നുണ്ട്. അതോടൊപ്പം, ജീവനക്കാർക്കുള്ള സ്പാർക്കിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് കെ-സ്മാർട്ടുതന്നെ പരിശോധിക്കുകയാണ് ചെയ്യുന്നത്. എ.എ.വൈ., ബി.പി.എൽ. കാർഡ് തുടങ്ങിയ രേഖകൾ പരിശോധിച്ച് സ്ത്രീ അല്ലെങ്കിൽ ട്രാൻസ്ജെൻഡറാണെന്ന് സിസ്റ്റം ഉറപ്പാക്കുന്നു. എല്ലാ സർക്കാർ സംവിധാനങ്ങളുമായുള്ള ഇന്റഗ്രേഷനിലൂടെയാണിത് സാധ്യമാക്കിയത്. ഇത് എങ്ങനെയാണ് രൂപപ്പെടുത്തിയതെന്ന് അദ്ദേഹത്തിനറിയാം. ഇത്തരം ഒരു സംവിധാനം പ്രത്യേകമായി കെ-സ്മാർട്ട് രൂപപ്പെടുത്തിയതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമായി അംഗീകരിച്ച ഗുണഭോക്താക്കൾക്കാണ് 'സ്ത്രീ സുരക്ഷാ പദ്ധതി' ആനുകൂല്യം ലഭിക്കുന്നത്. ഇതിന്റെ സുതാര്യത തന്നെയായിരുന്നു ഏറ്റവും വലിയ പ്രത്യേകത. എല്ലാ ഘട്ടങ്ങളിലും സുതാര്യത ഉറപ്പാക്കി തിരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റാണ് ഇവിടെയുള്ളതെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാത്തതല്ല. അത് അട്ടിമറിക്കാനുള്ള എന്തോ ശ്രമം നടക്കുന്നുവെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് 'തോന്നിയവർക്ക് കൊടുക്കുന്ന നിലയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്ന്' അദ്ദേഹം ആവർത്തിച്ചുപറയുന്നത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപോലുള്ള ഒരാളിൽനിന്ന് ഉണ്ടാകേണ്ട വാചകമല്ല. കർശനമായ പരിശോധനയിലൂടെ സുതാര്യത ഉറപ്പുവരുത്തി അപേക്ഷകരുടെ അർഹത തീരുമാനിക്കപ്പെട്ടതിന്റെ ഭാഗമായാണ് ഫെബ്രുവരി മുതൽ തുക നൽകുന്ന സാഹചര്യമുണ്ടായത്. ഫെബ്രുവരി മുതൽ തുക നൽകിത്തുടങ്ങിയെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിതന്നെ പ്രസ്താവിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് തീരുമാനമെടുത്ത്, അപേക്ഷ ക്ഷണിച്ച്, പ്രോസസ്സ് ചെയ്ത് അതിന്റെ നടപടിക്രമങ്ങൾ അവസാനിക്കുന്നതിന് സമയമെടുക്കും. അതിന്റെ ഭാഗമായാണ് ഫെബ്രുവരി മുതൽ നടപ്പാക്കുന്ന നിലയുണ്ടായത്.

'സ്ത്രീ സുരക്ഷാ പദ്ധതി' തുടരുന്നതിനുള്ള വിയോജിപ്പ് എന്താണ്? ഇപ്പോഴും ഈ പദ്ധതി തുടരുമെന്ന് അസന്ദിഗ്ധമായി അദ്ദേഹം പറയുന്നില്ല. അതാണോ ഒരു സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയേണ്ടത്; ഇവിടെ ആവർത്തിച്ച് ആശങ്ക പ്രകടിപ്പിക്കുമ്പോൾ അത് ദൂരീകരിക്കത്തക്കവിധം മറുപടി പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാധ്യസ്ഥനല്ലേ? എന്നാൽ അദ്ദേഹം എന്തോ കാരണവശാൽ ഇത് തുടർന്ന് നടപ്പാക്കുന്നതിനോട് വിമുഖത കാണിക്കുകയാണ്. ആദ്യത്തെ രണ്ടാഴ്ചകൊണ്ട് പതിനാല് ലക്ഷം അപേക്ഷകളാണ് പോർട്ടൽ വഴി ലഭിച്ചത്. ലഭ്യമായ അപേക്ഷകൾ സ്വാഭാവികമായും പരിശോധിക്കുകയും അർഹരാണെന്ന് കണ്ടെത്തിയ പത്തുലക്ഷം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ധനസഹായത്തുക ലഭ്യമാക്കുകയും ചെയ്തു. നിലവിൽ പതിനാറ് ലക്ഷം ഗുണഭോക്താക്കൾ ഈ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. ഏതുതരം പദ്ധതികളായാലും ആരംഭിക്കുന്ന സമയത്തുതന്നെ ആളുകൾ പൂർണ്ണമായും അപേക്ഷ സമർപ്പിച്ചെന്നുവരില്ല. അപേക്ഷ സമർപ്പിക്കുന്നതിനും കുറച്ചുസമയമെടുക്കും. മാസങ്ങളും വർഷങ്ങളും കഴിയുമ്പോൾ അപേക്ഷയുടെ എണ്ണം വർധിച്ചുവരുന്നുവെന്ന് ഓരോ പദ്ധതിയും പരിശോധിച്ചാൽ കാണാൻ കഴിയും. കാരണം, അർഹതയുള്ളവർതന്നെ അപേക്ഷിക്കാനെടുക്കുന്ന കാലതാമസമാണത്. പതിനാല് ലക്ഷം അപേക്ഷകളാണ് ആദ്യം ലഭിച്ചത്. അത് നല്ലൊരു എണ്ണം തന്നെയാണ്. ഇപ്പോൾ അഞ്ച് ലക്ഷത്തിലേറെ അപേക്ഷകൾ പ്രോസസ്സ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്. അത് പ്രോസസ്സ് ചെയ്യാനുള്ള യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. അപേക്ഷയിൽ എന്താണ് രാഷ്ട്രീയം; എല്ലാവരും അപേക്ഷിക്കുകയല്ലേ? നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപേക്ഷ ലഭിച്ചിട്ടുള്ളത് മലപ്പുറം ജില്ലയിൽ നിന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇക്കാര്യം പരിശോധിച്ചാൽ അറിയാൻ കഴിയുന്നതാണ്. ആ ജില്ലയിൽനിന്ന് മാത്രമായി രണ്ടര ലക്ഷത്തിലധികം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. രണ്ടാമതായി, ഏറ്റവും കൂടുതൽ അപേക്ഷ ലഭിച്ചിട്ടുള്ളത് പാലക്കാട് ജില്ലയിൽ നിന്നാണ്.

*29-06-2026*
*Adjournment motion*

പൊതുവെ നോക്കിയാൽ, എല്ലാ ജില്ലകളിൽനിന്നും വലിയ തോതിൽ അപേക്ഷകരുണ്ട്. അത് രാഷ്ട്രീയത്തിന്റെ ഭാഗമാണോ; അർഹതയുള്ളവർ അപേക്ഷിക്കുകയല്ലേ? പാവപ്പെട്ട സ്ത്രീകൾക്ക് വലിയൊരു സാമ്പത്തിക സുരക്ഷിതത്വം ലഭ്യമാക്കുകയെന്നതാണ് 'സ്ത്രീ സുരക്ഷാ പദ്ധതി'-യിലൂടെ നാം ഉദ്ദേശിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അടുത്തകാലത്ത് നടത്തിയ നിരീക്ഷണം ഏറ്റവും പ്രസക്തമാണ്. സ്ത്രീകളുടെ അധ്വാനമാണ് രാജ്യത്തിന്റെ പുരോഗതിയുടെ ആധാരം എന്നാണ് ഗാർഹിക ജോലിയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയത്. ബഹു. സുപ്രീം കോടതി പറയുന്നതിനുമുമ്പുതന്നെ നാം നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിയോട് ഇത്തരത്തിലൊരു വിമുഖത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും കാണിക്കുന്നത് ശരിയല്ല. പാവപ്പെട്ട സ്ത്രീകളോട് അനാവശ്യമായ വീറും വാശിയും എന്തിനാണ് കാണിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. സർക്കാർ ഈ മനോഭാവം മാറ്റുമെന്ന് ഞങ്ങളിപ്പോഴും പ്രതീക്ഷിക്കുന്നു. മാറ്റുമെന്ന പ്രതീക്ഷയോടെ, കൂടുതൽ നടപടികളിലേക്ക് കടക്കാതെ ഈ സമീപനത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

* * *